**Online press releases from Directorate, Thiruvananthapuram**

## ഒ.ബി.സി സ്കോളർഷിപ്പ് നിരക്കും വരുമാന പരിധിയും വർദ്ധിപ്പിച്ചു

സംസ്ഥാനത്തെ ഹയർ സെക്കന്ററി ക്ലാസ്സുകളിൽ പഠിക്കുന്ന ഒ.ബി.സി. വിഭാഗം വിദ്യാർത്ഥികൾക്ക് അനുവദിക്കുന്ന പ്രതിമാസ സ്റ്റൈപ്പെന്റ് 90 രൂപയിൽ നിന്ന് 160 രൂപയായും, സ്കോളർഷിപ്പ് ലഭിക്കുന്നതിനുള്ള വാർഷിക വരുമാന പരിധി ഒരു ലക്ഷം രൂപയായും ഉയർത്തി. പട്ടികജാതി വികസന വകുപ്പ് വഴി ഇ-ഗ്രാന്റ്സ് സംവിധാനത്തിലൂടെയായിരിക്കും വിദ്യാഭ്യാസാനുകൂല്യങ്ങൾ ലഭിക്കുക. അപേക്ഷ തയ്യാറാക്കുന്നതിനും അയക്കുന്നതിനും അക്ഷയ കേന്ദ്രങ്ങളെ സർക്കാർ ചെലവിൽ ചുമതലപ്പെടുത്തിയിട്ടുണ്ട്. അർഹരായ എല്ലാ വിദ്യാർത്ഥികൾക്കും സ്കോളർഷിപ്പ് ലഭിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ നൽകണമെന്ന് എല്ലാ ഹയർ സെക്കന്ററി പ്രിൻസിപ്പൽമാരോടും പിന്നാക്ക സമുദായ വികസന വകുപ്പ് ഡയറക്ടർ അഭ്യർത്ഥിച്ചു. പി.എൻ.എക്സ്.4617/12

Maintained by Web & New Media Division, Information & Public Relations Department